**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2550** **04-03-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന്റെ അനുമതിയോടെ ആരംഭിച്ച സ്റ്റാർട്ടപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ അനുമതിയോടെ ആരംഭിച്ച് രണ്ടു വർഷങ്ങൾക്കകം പ്രവർത്തനം അവസാനിച്ച സ്റ്റാർട്ടപ്പുകൾ/ പുതിയ സംരംഭങ്ങൾ എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; ആയവ പുനരുദ്ധരിക്കാൻ ആവശ്യമായ പിന്തുണയോ സാങ്കേതിക സഹായമോ സംരംഭകർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | രണ്ട് വർഷമെന്ന പ്രത്യേക കാലയളവ് വച്ച് പ്രവർത്തം അവസാനിപ്പിച്ച പുതിയ സംരംഭങ്ങളുടേയോ, സ്റ്റാർട്ടപ്പുകളുടേയോ കണക്ക് ശേഖരിച്ചിട്ടില്ല. പുതിയതായി ആരംഭിച്ചിട്ടുള്ള സംരംഭങ്ങളും പ്രവർത്തനങ്ങളും മന്ദീഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട കേസുകളിൽ ആയത് മെച്ചപ്പെടുത്തുന്നതിന് സഹായകരമായ നിരവധി നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.<br><br>പ്രവർത്തനം അവസാനിപ്പിച്ച സംരംഭങ്ങൾ പുനരുദ്ധരിക്കാൻ വ്യവസായ വികസന ഓഫീസർ, വിവിധ പഞ്ചായത്തുകളിലെ എന്റർപ്രൈസസ് ഡവലപ്മെന്റ് എക്സിക്യൂട്ടീവ്സ് എന്നിവർ മുഖാന്തിരം സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ പിൻതുണയും സാങ്കേതിക സഹായവും നൽകി വരുന്നു. കൂടാതെ തകർച്ച നേരിടുന്നതും, പ്രവർത്തന രഹിതവുമായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിന് Revival of Micro Small and Medium Enterprises with stressed assets, defunct MSME units and cashew processing units എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM) മുഖേന വിവിധ റിവൈവൽ പ്രോഗ്രാമുകൾ, പുനർവിന്യാസ പരിശീലനങ്ങൾ, മാർക്കറ്റ് ആക്സസ് സഹായം എന്നിവ നൽകുന്നുണ്ട്. ബാങ്ക് വായ്പ്പാ ലഭിക്കുന്നതിനുള്ള പിന്തുണയും വിവിധ സബ്സിഡി പദ്ധതികളെക്കുറിച്ച് ഉള്ള മാർഗ നിർദേശങ്ങളും നൽകുന്നുണ്ട്.<br><br>കെ.എസ്.ഐ.ഡി.സി-യുടെ ധനസഹായത്തോടെ ആരംഭിച്ചതും പിന്നീട് പരാജയപ്പെട്ടതുമായ സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ലോൺ തിരിച്ചടവ് |

| | | | |
|---|---|---|---|
| | | | സുഗമമാക്കുന്നതിനായി ഒരു "ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി" തയ്യാറാക്കി വരുന്നു.<br><br>മേൽ വിവരിച്ച വിവിധ നടപടി പ്രവർത്തനത്തിലൂടെ പുതിയതായി ആരംഭിക്കുന്ന സംരംഭങ്ങളിൽ പൂട്ടിപോകുന്ന 30% ദേശീയ ശരാശരിയേക്കാൾ വളരെ താഴ്ന്ന 12% എന്നനിലയിലേക്ക് സംസ്ഥാന നിരക്ക് മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ